MAHBIL/2015/63218 | MNE/353/2021-23 | MR/Tech/WPP-323/NE/2021-23

# Kalyan Lantern

JULY 2023

Vol. 09 | Issue 02 | MUMBAI | 28 Pages | Price: `17/-

## Shepherding Christ's Way

### അജപാലനം ക്രിസ്തുവിന്റെ പാതയിൽ



JULY 3



# FESTAL GREETINGS

TO OUR BELOVED BISHOP

# MAR THOMAS ELAVANAL

FROM YOUR LOVING CHILDREN OF

**THE EPARCHY OF KALYAN**

KALYAN LANTERN
DIOCESE OF KALYAN

YOUR WORD IS A LAMP TO
MY FEET & A LIGHT TO MY PATH

JULY 2023
Vol. 09 | Issue 02

PATRON
Bishop Mar Thomas Elavanal

CHAIRMAN
Msgr. Dr. Francis Eluvathingal

CHIEF EDITOR
Fr. Rajesh Mathew

ASSOCIATE EDITOR
Fr. Siby Kulangara

MARKETING MANAGER
Fr. Dr. George Vattamattam

EDITORIAL BOARD
Fr. Jitin Shaju Kottarathil
Fr. Rayson Joseph MCBS
Fr. Savio Pandiyalackal
Fr. Albin Koonammavu (KMC Rep)
Dr. C.P. Johnson
Mr. Jose Mathew
Mr. Austine Jose Vattakkattu
Mr. V S Chacko
Ms. Natasha Makuden
Ms. Rini Kunjuvareed
Ms. Divya Joseph
Ms. Bonita Vitus
Ms. Ann Vigi

CIRCULATION MANAGER
Fr. Mejo Vazhappilly

OFFICE SECRETARY
Mr. Joseph Chiramal

DESIGN & LAYOUT
Mr. Josemon Vazhayil

Diocese of Kalyan, Plot No. B/38,
P.B. No. 8434, IIT P.O., Powai,
Mumbai, Maharashtra, India 400076.
Tel. (+91) (022) 2578 5515, 2578 2385
E-mail: kalyanlantern@gmail.com
Website: www.kalyandiocese.com
Matrimonial: www.godsownchoice.com

MAHBIL/2015/63218 | MNE/353/2018-20

Talking of shepherds and sheep would be vocabularies of antiquity, but the Scripture uses the word pastor, which in Greek means “shepherd,” one who is responsible for the flock. As per this Shepherd-flock paradigm, the primary responsibility of the church is to care for the spiritual well-being of its members. This task is predominantly the work of pastors, who must be assisted by the lay faithful. Their task involves preaching, teaching, counseling and providing pastoral care to individuals and families in the parishes. The pastors are called to help individuals become followers of Jesus Christ, helping them deepen their relationship with God and to live out their faith in a practical way. They work to create a worshipping community by sharing the message of the Gospel; by celebrating the liturgy, sacraments and by providing emotional and practical support to the congregation assigned to them. It is also the responsibility of the pastor to develop and mentor other lay leaders within the church. Thus, all these activities of a pastor in the church is termed as “pastoral ministry.”

The Eparchy of Kalyan as part of the planning process for the next seven years has undertaken the task of drafting a clear vision and mission statement; this process is called Kalyan Eparchy Perspective Plan (KEPP). This discussion at various levels of the Eparchy aims to visualize a future with the right orientation and to document a clear action oriented mission to fulfill our mission. This issue of the Lantern tries to engage with one of the core themes of KEPP; i.e. Pastoral ministry in the Eparchy of Kalyan. The first article is a dialogue between two priests. The next article is a reflection of what is the church and her mission in today’s world. The third article ponders upon the governance model of the parish. It tries to visualize two governance styles and the difference between the parish council model and the pastoral care model. The fourth article reflects upon the fundamental responsibility of the church to deepen one’s faith by learning and teaching the Word of God. The last article is the voice of the laity where they are verbose about their expectations from the clergy. This issue doesn’t intend to hurt any of the clergy. Rather, we acknowledge the challenges of priesthood and just want them to know what we expect from them. The aim of this exercise is to raise the bar; there are challenges to be tackled and the church must be safeguarded, primarily by them.

My heartfelt thanks to the entire team and the writers for contributing their thoughts and opinions. We hope you enjoy reading it as much as we did making it.

Yours in Christ

**EDITOR-IN-CHIEF**

# ക്രിസ്തു ആഗ്രഹിക്കുന്ന അജപാലനദൗത്യം

## അജപാലനശുശ്രൂഷ - ക്രിസ്തുമാർഗ്ഗത്തിൽ ക്രിസ്തുവായിക്കൊണ്ട്

**Fr. Cyriac Kumbattu**
Rector, St. Thomas Minor Seminary





**Fr. Jeeson Kanjirathingal**
Sankt Georg Kirche, Königseggwald, Germany

കഴിഞ്ഞ 35 വർഷമായി സ്തുത്യർഹവും അഭിനന്ദനാർഹവും മാതൃകാപരവുമായ പ്രവർത്തനങ്ങൾ അജപാലനശുശ്രൂഷാമേഖലകളിൽ കല്യാൺ രൂപത കൈവരിച്ചിട്ടുണ്ട്. വിവിധങ്ങളായ ഭക്തസംഘടനകളിലൂടെയും, പ്രസ്ഥാനങ്ങളിലൂടെയും, സാമൂഹിക ക്ഷേമപ്രവർത്തനങ്ങളിലൂടെയും സഭാതനയരുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നമനത്തിനുവേണ്ടി രൂപത പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. എങ്കിലും മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പുതിയ ഉണർവോടുകൂടി ക്രിസ്തുകേന്ദ്രീകൃതമായ അജപാലനശുശ്രൂഷാരീതികളെക്കുറിച്ച് ചിന്തിക്കേണ്ടിയിരിക്കുന്നു.

## പുരോഹിത - ക്രിസ്തു ബന്ധം

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'ഒതാത്തും തോത്തിസ്' (Optatam Totius) എന്ന വൈദികപരിശീലനത്തെക്കുറിച്ചുള്ള ഡിക്രിയിൽ വളരെ വ്യക്തമായി അതിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്. സഭയുടെ ആകമാനമുള്ള നവീകരണം ക്രിസ്തുവിന്റെ മനോഭാവത്തോടുകൂടിയുള്ള വൈദികരുടെ അജപാലനശുശ്രൂഷയെ ആശ്രയിച്ചിരിക്കുന്നു. കല്യാൺ രൂപതയുടെ വൈദികരുടെ അജപാലനശുശ്രൂഷ എപ്രകാരമുള്ളതായിരിക്കണമെന്ന് പൗരോഹിത്യത്തിന്റെ രജത ജൂബിലി ആഘോഷിക്കുന്ന കല്യാൺ രൂപത വൈദികനും ഇപ്പോൾ ജർമ്മനിയിൽ റോട്ടൻബർഗ്ഗ് - സ്റ്റുട്ട്ഗാർട്ട് രൂപതയിൽ അജപാലനശുശ്രൂഷ ചെയ്തുകൊണ്ടിരിക്കുകയും ചെയ്യുന്ന ബഹുമാനപ്പെട്ട ജീസൻ കാഞ്ഞിരത്തിങ്കൽ അച്ചനുമായി നടത്തിയ ഒരു സൗഹൃദസംഭാഷണത്തിന്റെ വെളിച്ചത്തിൽ തയ്യാറാക്കപ്പെട്ടിരിക്കുന്നതാണ് ഈ ലേഖനം.

ഒരു പുരോഹിതൻ എപ്പോഴും മറ്റൊരു ക്രിസ്തുവായി ദൈവജനത്തിന്റെ മുമ്പിൽ വയ്ക്കപ്പെട്ടിരിക്കുന്നവനാണ്. വി. ജോൺ പോൾ മാർപ്പാപ്പ എഴുതിയതുപോലെ പുരോഹിതൻ തന്റെ മനുഷ്യത്വം ക്രിസ്തുവിന് സമർപ്പിക്കുമ്പോൾ ദൈവം അവനെ മറ്റൊരു ക്രിസ്തുവായി രൂപാന്തരപ്പെടുത്തിക്കൊണ്ട് ലോകത്തിന്റെ രക്ഷക്കായുള്ള ഉപകരണമാക്കിത്തീർക്കുന്നു. ഇന്നത്തെ ഓരോ പുരോഹിതന്റേയും അജപാലനശുശ്രൂഷയുടെ അന്തഃസത്തയായി നിലനിൽക്കേണ്ടതും ഈ രൂപാന്തരീകരണമാണ്. അടിസ്ഥാനപരമായി ഒരു വൈദികനിൽ നടക്കേണ്ട ഈ ആത്മീയനവീകരണം, അവന്റെ ദൈവവും ആയിട്ടുള്ള ഗാഢമായ ബന്ധത്തെ, അതായത് പ്രാർത്ഥനാജീവിതത്തെ ആശ്രയിച്ചാണ് ഇരിക്കുന്നത്.

ദൈവജനത്തെ അറിയാനും, അവരെ തന്നിലേക്ക് അടുപ്പിക്കാനും, ശക്തികേന്ദ്രമായി നിൽക്കുന്നത് ഒരു വൈദികനായശേഷം താൻ സ്വായത്തമാക്കിയ പ്രാർത്ഥനാനുഭവവും അതിന്റെ ശക്തിയും ആണ് എന്ന് ജീസൻ അച്ചൻ തന്റെ 25 വർഷത്തെ പൗരോഹിത്യാനുഭവത്തിൽ നിന്ന് പങ്കുവെക്കുന്നു. ജർമ്മനിയിൽ അദ്ദേഹത്തിന്റെ രൂപതയിലുള്ള പല പുരോഹിതരും വ്യക്തിപരമായിട്ട് പ്രാർത്ഥിക്കുവാനും ഒപ്പം അവരുടെ ഇടവക ജനത്തെ പ്രാർത്ഥിക്കുവാൻ ആയിട്ട് അച്ചന്റെ അടുത്തേക്ക് പറഞ്ഞയക്കുന്നതും ഈ പ്രാർത്ഥനാനുഭവവും അതിന്റെ ശക്തിയും മൂലമാണ് എന്ന് തിരിച്ചറിയുന്നു. പ്രാർത്ഥിക്കുന്ന ഇടയന്മാരും, അവരുടെ സ്വരം തിരിച്ചറിഞ്ഞ് അവരെ അനുഗമിക്കുന്ന ആടുകളും ആണ് നമുക്കുള്ളത്. പ്രാർത്ഥിക്കാം ക്രിസ്തുവിനെപ്പോലെ ക്രിസ്തുവായി മാറികൊണ്ട്.

## ബലിയേകുവാനും ബലിയാകുവാനും

ബലിയും ബലിപീഠവും വിട്ടിട്ടുള്ള ഒരു ചിന്തയും, സംസാരവും, പ്രവർത്തിയും പുരോഹിതന് ഉണ്ടാകാൻ പാടില്ല. അതുകൊണ്ടാണ് അപ്പസ്തോലന്മാർ ശിഷ്യസമൂഹത്തോട് പറയുന്നത് ഞങ്ങൾ ദൈവവചനശുശ്രൂഷയിൽ ഉപേക്ഷ കാണിച്ച് ഭക്ഷണമേശകളിൽ ശുശ്രൂഷിക്കുന്നത് ശരിയല്ല. ഞങ്ങൾ പ്രാർത്ഥനയിലും വചനശുശ്രൂഷയിലും നിരന്തരം വ്യാപരിച്ചു കൊള്ളാം (Acts 6 : 1- 4). പൗരോഹിത്യത്തെയും ബലിയെയും രണ്ട് തട്ടായി പകുത്തു മാറ്ററുത്. സ്വയം ബലിയായിത്തീരേണ്ടതാണ് പൗരോഹിത്യം എന്നത് വേണ്ടവിധം തിരിച്ചറിയാത്തതാണോ അതല്ലെങ്കിൽ അർഹിക്കുന്ന പ്രാധാന്യത്തോടെ സ്വജീവിതങ്ങളെ ബലിയായി ഘോഷിക്കാത്തതാണോ ഇന്ന് നമ്മുടെ ദൈവവിളിക്കും ഈ വൈദിക സമർപ്പണ ജീവിതത്തിനും പൂർണ്ണത കൈവരാത്തതിന് കാരണം എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നുവെന്ന് ജീസൻ അച്ചൻ പറഞ്ഞുവയ്ക്കുന്നു. ബലിയർപ്പകനും ബലിവസ്തുവുമായി ഒരു പുരോഹിതൻ മാറിയാൽ മാത്രമേ നല്ല ഇടയനായ ഈശോയുടെ മറ്റൊരു പതിപ്പായിത്തീരുകയുള്ളൂ.

## നല്ല ഇടയന്റെ പുൽമേട

ഇടയൻ എപ്രകാരമാണോ അപ്രകാരമാണ് ആട്ടിൻപറ്റമെങ്കിൽ, പുരോഹിതൻ എപ്രകാരമാണോ അപ്രകാരമായിരിക്കും വിശ്വാസസമൂഹവും. ജീസൻ അച്ചൻ സൂചിപ്പിക്കുന്നതുപോലെ ഇടയൻ അലസനും സ്വാർത്ഥനും ആകുമ്പോൾ ആട്ടിൻപറ്റം വിശന്ന് പരവശരാകുന്നു. ഇടയൻ തിന്നുകുടിച്ചു വിശ്രമിക്കുമ്പോൾ ആട്ടിൻപറ്റം വഴി കാണാതെ അലഞ്ഞുതിരിയുന്നു. ഇടയൻ അവിശ്വസ്തനാകുമ്പോൾ ആട്ടിൻപറ്റത്തിന് അവരുടെ ദിശാബോധവും വിവേചനവും നഷ്ടപ്പെടുന്നു. ഇടയന് വിശുദ്ധി നഷ്ടപ്പെടുമ്പോൾ ആട്ടിൻപറ്റം പാപത്തിന്റെ ചെളിക്കുഴിയിൽ വീണു നശിക്കുന്നു. അതിനാൽ, ഏക മഹാപുരോഹിതനായ ക്രിസ്തുവിന്റെ സാന്നിധ്യം ഉണർത്താനും അവന്റെ ജീവിതരീതിയെ ഉൾക്കൊള്ളാനും അവരുടെ സംരക്ഷണത്തിൽ ഏൽപ്പിച്ച ആട്ടിൻകൂട്ടത്തിന്റെ മധ്യത്തിൽ അവനെ സംലഭ്യമാക്കാനും ഓരോ പുരോഹിതനും വിളിക്കപ്പെടുന്നു. പ്രാർത്ഥനയിലൂടെ, ദാരിദ്ര്യത്തിലൂടെ, അനുസരണത്തിലൂടെ, സത്യത്തിലൂടെ, നീതിയിലൂടെ ദൈവത്തിന്റെ മുഖം കാണിച്ചു കൊടുക്കുന്നവനാണ് പുരോഹിതൻ.

പച്ചയായ ജീവിതസാഹചര്യങ്ങളിൽ നിന്ന് വിളിക്കപ്പെട്ട് പച്ചയായ ജീവിതയാഥാർത്ഥ്യങ്ങളിലേക്ക് അയക്കപ്പെടുന്നവനാണ് പുരോഹിതൻ. അതുകൊണ്ടു തന്നെ ജീവിതത്തിന്റെ എല്ലാ കാലഘട്ടങ്ങളോടും, സാഹചര്യങ്ങളോടും പൊരുത്തപ്പെടാനും, സമകാലിക സാമൂഹിക പ്രവണതകൾ കണ്ടെത്താനും, ആത്മീയ ആവശ്യങ്ങൾ തിരിച്ചറിയാനും, പ്രാധാന്യമേറിയ അജപാലനമേഖലകളും അജപാലനരീതികളും നിർണയിക്കാനും, അങ്ങനെ മനുഷ്യന്റെ പ്രതീക്ഷകളോട് വേണ്ടത്ര രീതിയിൽ പ്രതികരിക്കാനും ഒരു വൈദികന് സാധിക്കണം. (PDV 5) അതിന് ഇടയൻ ആടുകളുടെ ഗന്ധമുള്ള ഇടയന്മാരായിരിക്കണം എന്നാണ് ഫ്രാൻസിസ് മാർപ്പാപ്പ ഉദ്ബോധിപ്പിക്കുന്നത്. തന്റെ അജപാലനശുശ്രൂഷക്കായി ഏൽപ്പിക്കപ്പെട്ടിരിക്കുന്ന ദൈവജനത്തോടൊപ്പം ചിരിക്കാനും, കരയാനും, ചിന്തിക്കാനും, ജീവിക്കാനും മറ്റൊരു വാക്കിൽ അവരുമായി സഹവസിക്കുവാനും കഴിയുന്നവൻ ആയിരിക്കണം ഇടയൻ. തന്റെ പരിചരണത്തിന് ഏൽപ്പിക്കപ്പെട്ടിരിക്കുന്നവരുടെ ചുറ്റുപാടുകളെക്കുറിച്ചോ, ജീവിതാവസ്ഥകളെക്കുറിച്ചോ പരിഗണനയില്ലാതെ സിദ്ധാന്തങ്ങൾ മാത്രം പ്രയോഗിക്കുന്ന അധികാരവൃന്ദം ആകരുത് പുരോഹിതർ. അവിടെയൊക്കെ സമയമില്ലായ്മയും തിരക്കും മറ്റു ഒഴിവുകഴിവുകളും പറഞ്ഞു ദൈവജനത്തിൽ നിന്ന് ഒറ്റപ്പെട്ടതും, ദൈവജനത്തെ മനസ്സിലാക്കാത്തതുമായ പൗരോഹിത്യം കത്തോലിക്ക പൗരോഹിത്യം ആകില്ല.

ഇടയൻ തിന്നുകുടിച്ചു വിശ്രമിക്കുമ്പോൾ ആട്ടിൻപറ്റം വഴി കാണാതെ അലഞ്ഞുതിരിയുന്നു. ഇടയൻ അവിശ്വസ്തനാകുമ്പോൾ ആട്ടിൻപറ്റത്തിന് അവരുടെ ദിശാബോധവും വിവേചനവും നഷ്ടപ്പെടുന്നു. ഇടയന് വിശുദ്ധി നഷ്ടപ്പെടുമ്പോൾ ആട്ടിൻപറ്റം പാപത്തിന്റെ ചെളിക്കുഴിയിൽ വീണു നശിക്കുന്നു.



മനുഷ്യരിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ഓരോ മഹാപുരോഹിതനും ദൈവത്തോടുള്ള ബന്ധത്തിൽ മനുഷ്യർക്ക് വേണ്ടി പ്രവർത്തിക്കാൻ നിയോഗിക്കപ്പെട്ടി

**തേടി പോകുന്നവനും കൂടെ നിർത്തുന്നവനുമാകണം പുരോഹിതൻ. അല്ലെങ്കിൽ കൂടെ നിർത്തുന്നവരെ തേടി ദൈവജനം പോകും.**

രിക്കുന്നു. (Heb. 5:1) ജീസൻ അച്ചൻ പറഞ്ഞതുപോലെ ദൈവജനത്തിന്റെ പ്രശ്നങ്ങളെ സഹതാപത്തോടും, ക്രിസ്തുവിന്റെ മനസ്സലിവോടും, ആർദ്രതയോടും കൂടി മനസ്സിലാക്കാനും പഠിക്കാനും പരിഹാരം നിർദ്ദേശിക്കാനും സാധിക്കണം. അവരെ നിരന്തരം സന്ദർശിക്കാനും ഒപ്പം സമയം ചെലവഴിക്കാനും അവരോടൊപ്പം പ്രാർത്ഥിക്കാനും കഴിയണം. തേടി പോകുന്നവനും കൂടെ നിർത്തുന്നവനുമാകണം പുരോഹിതൻ. അല്ലെങ്കിൽ കൂടെ നിർത്തുന്നവരെ തേടി ദൈവജനം പോകും.

## പുരോഹിത ദൗത്യങ്ങൾ

ഓരോ വൈദികനും ക്രിസ്തുവിന്റെ രാജകീയ, പൗരോഹിത്യ, പ്രവാചകദൗത്യങ്ങളിലും പങ്കുചേരുന്നു. ഈ ദൗത്യങ്ങളുടെ അന്തഃസത്ത മനസ്സിലാക്കി കാലക്രമത്തിനും സാഹചര്യങ്ങൾക്കുമനുസരിച്ച് അവ നിറവേറ്റപ്പെടുമ്പോൾ മാത്രമാണ് ക്രിസ്തുവിന്റെ അജപാലനവഴിയിൽ പുരോഹിതൻ മുന്നേറുന്നത്. പൗരോഹിത്യധർമ്മം എന്നത് വെറും പരികർമ്മിയാവുക എന്നല്ല മറിച്ച് ഓരോ കൂദാശകളും, കൂദാശാനുകരണങ്ങളും, പ്രാർത്ഥനകളും ദൈവജനത്തിന് അനുഭവവേദ്യമാക്കുന്നവൻ ആകണം പുരോഹിതൻ. അല്ലാതെ അതു തന്റെ വെറും കഴിവുകളുടെ പ്രകടനമോ കാട്ടികൂട്ടലുകളോ ആകരുത്. ആന്തരികവും ബാഹ്യവുമായ വിശുദ്ധിയില്ലാത്ത ബലിയർപ്പണങ്ങളും, കൂദാശ പരികർമ്മങ്ങളും, ഒരുക്കമില്ലാത്തതും ജീവിതഗന്ധിയല്ലാത്തതുമായ പ്രസംഗങ്ങളും, ഭക്തിയും വിശ്വാസവുമില്ലാത്ത പ്രാർത്ഥനകളും ദൈവജനത്തിന് ഒരിക്കലും അനുഭവമോ ആകർഷണമോ ഉണ്ടാകില്ല. അച്ചൻ ഓർമ്മിപ്പിക്കുന്നതുപോലെ പുരോഹിതൻ ഒരു അവതാരകനാകാതെ, ബലിയായി മാറണം.

രാജകീയ ദൗത്യം എന്നാൽ ഇടയൻ ആടുകളെ നയിക്കുന്നതുപോലെ ദൈവജനത്തെ മുമ്പിൽ നിന്ന് നയിക്കാനുള്ള വിളിയാണ്. അതിന് ക്രിസ്തുവിനെപോലുള്ള ഒരു പെരുമാറ്റശൈലി ആർജ്ജിക്കണം. നയിക്കുന്നവൻ സ്വയം മഹത്വവൽക്കരിക്കുന്നവനോ, മറ്റുള്ളവരുടെ മുമ്പിൽ സ്ഥാനം പിടിക്കുന്നവനോ, സ്വന്തം തീരുമാനങ്ങളും നയങ്ങളും മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കുന്നവനോ അല്ല, മറിച്ച് മറ്റുള്ളവരുടെ പാദങ്ങൾ കഴുകാൻ പോലും തയ്യാറാകുന്ന എളിമയുടെ ശൈലി, ജീവൻ ബലിയായി കൊടുക്കുവാൻ പോലും തയ്യാറാകുന്ന അനുസരണത്തിന്റെ ശൈലി, ദ്രോഹിക്കുന്നവരോട് പോലും ക്ഷമിക്കുന്ന സ്നേഹത്തിന്റെ ശൈലി കൈവശമാക്കിയവൻ ആയിരിക്കണം. അപ്പോഴാണ് അവൻ ഒരിടയനും ദൈവജനം ഒരു ആട്ടിൻപറ്റവുമായിട്ട് മാറുന്നത്. ഓരോ പുരോഹിതനും പ്രസംഗിക്കുന്ന ഈ കാര്യങ്ങൾ ജീവിതത്തിൽ പ്രാവർത്തികമാക്കുമ്പോൾ അവൻ ക്രിസ്തുവിനെപ്പോലെ മുമ്പിൽ നിന്ന് നയിക്കുന്നവൻ ആകുന്നു. മുമ്പിൽ നിന്ന് നയിക്കുന്നവൻ കാലത്തിന്റെയും ലോകത്തിന്റെയും മാറ്റങ്ങളും അടയാളങ്ങളും അറിയാൻ കഴിവുള്ളവൻ ആയിരിക്കണം. അതിനായി അവൻ തന്നെത്തന്നെ നിരന്തരം വായനയിലൂടെ തുടർപഠനങ്ങളിലൂടെ സജ്ജമാക്കണം.

പ്രവാചകദൗത്യം എന്നാൽ ദൈവത്തിന്റെ സ്വരം ആകാനായിട്ട്, അവന്റെ ദൗത്യവാഹകരാകാൻ ആയിട്ടുള്ള വിളിയാണ്. ദൈവവചനത്തെ നിരന്തരം വായിക്കുന്നവർക്കും അതിനെ മനനം ചെയ്യുന്നവർക്കും മാത്രമേ അത് ശരിയായിട്ട് വ്യാഖ്യാനിക്കാനും പറഞ്ഞുകൊടുക്കാനും സാധിക്കുകയുള്ളൂ. അതിനാൽ ദൈവവചനത്തെ കൃത്യമായി പഠിക്കുക, അതിന്റെ പഠിപ്പിക്കലുകളെ മനസ്സിലാക്കുക. സമൂഹത്തിലെയും വ്യക്തികളുടെയും തെറ്റുകൾക്കും, സാമൂഹ്യതിന്മകൾക്കും, വികലമായ കാഴ്ചപ്പാടുകൾക്കും എതിരെ ശബ്ദിക്കണമെങ്കിൽ അവയെ തിരുത്തണമെങ്കിൽ അവയെക്കുറിച്ചുള്ള സഭയുടെ വ്യക്തമായ ധാരണകളെക്കുറിച്ചും കാഴ്ചപ്പാടുകളെക്കുറിച്ചും ബോധ്യങ്ങളും അറിവും പുരോഹിതന് ഉണ്ടായിരിക്കണം. അപ്പോൾ മാത്രമാണ് അവന് ഒരു പ്രവാചക ശബ്ദമാകാൻ സാധിക്കുക.

"ഈ ആധുനിക യുഗത്തിലും അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ഓരോരുത്തരും വി. പത്രോസ് ശ്ലീഹായുടെ വാക്കുകളെ അനുസ്മരിച്ചുകൊണ്ട് പ്രവർത്തിക്കാം. "നിങ്ങളെ ഏൽപ്പിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ. അത് നിർബന്ധം മൂലമായിരിക്കരുത്. ദൈവത്തെ പ്രതി സന്മനസ്സോടെ ആയിരിക്കണം. ലാഭേച്ഛയോടെ ആയിരിക്കരുത്, തീക്ഷ്ണതയോടെ ആയിരിക്കണം. അജഗണത്തിന്റെമേൽ ആധിപത്യം ചുമത്തിക്കൊണ്ടായിരിക്കരുത്. സന്മാതൃക നൽകിക്കൊണ്ടായിരിക്കണം. ഇടയന്മാരുടെ തലവൻ പ്രത്യക്ഷപ്പെടുമ്പോൾ മഹത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം നിങ്ങൾക്ക് ലഭിക്കും." (1 Pt. 5: 2 - 4)

ദൈവം കൊടുക്കുന്ന പ്രചോദനങ്ങൾക്ക് മനുഷ്യർ നല്കുന്ന പ്രത്യുത്തരമാണ് പൗരോഹിത്യ ദൈവവിളികൾ എന്നത് ഒരു യഥാർത്ഥ്യമാണ്. പുതിയ തലമുറയിൽ നിന്ന് ധാരാളം ദൈവവിളികൾ ഉണ്ടാകേണ്ടതിന് ദൈവത്തിന്റെ പ്രതിപുരുഷന്മാരായ വൈദികർ മാതൃകയാകട്ടെ. ദൈവജനം അതിനായി തീക്ഷ്ണതയോടും ഒഴുകഴിവില്ലാതെയും പ്രാർത്ഥിക്കട്ടെ.



# NEW MODEL OF THE CHURCH



**Fr Mathew Moothasseril MST**

Parish Priest,St Mary's Syro-Malabar Church, Madgao, Goa, Diocese of Shamshabad

The church, founded on Peter, the rock, is always reviving according to the needs of time (Mt 16:18). We will take a look at the different models that have emerged during the last twenty centuries. Standing at the historical crossroads of the twenty-first century, we must seek new visions to chart the right course for the journey forward.

## Kingdom of God

Jesus taught that the Kingdom of God is at hand (Mk 1:15). He called on the people to repent and believe in the good news. The kingdom is not a specific territory with geographical limits where the whole authority is vested in one person, the king. The Kingdom of God is God's rule and effective action based on justice and love. It is moral and integral (comprises the whole).

## Family of God

The apostles considered the church to be a "communion". We profess it in the Creed: "We believe... the communion of saints". The Acts of the Apostles and the Pauline Letters make this fact very clear. It is analogous to a body with different parts working with unimaginable coherence (1 Cor 12:12–27). St. Paul further reveals that the church is the household of the living God. (1Tim.3:15)


## Hierarchical structure

Emperors and kings who joined the church imposed a hierarchical power structure on the church. Royal patrons and their politics took the church into their grip. Since the Second Vatican Council, efforts have been made to change this model. In the church, authority is used for service, not oppression. Through the gospel, we see Jesus speak about servant leadership (Mk 10:35–45). He exhibited it by washing the feet of his apostles (John 13:4–11). The apostles taught that gifts were given to believers for the common good and to build up the church. We read in the letter to the Romans that many are the gifts and different are the ministries (Romans 12:6–8).

The synodal church is an emerging image of the church. The Synod envisages a participatory church. At this stage, an explanation may not be required. It was discussed in parishes, dioceses, bishop conferences, and countries. This is in preparation for the upcoming Synod on Synodality announced by Pope Francis. It will have two sessions: one in October 2023 and the second in October 2024.

Here, the church is represented using the image of a circle with Jesus at the centre. The circle encompasses not only the community of believers in Christ but all of humanity (cultures, civilizations, and peoples). The 'mission ad gentes' concept is replaced by 'mission inter gentes'. The church is around the world, and her mission is among the people. The document Nostra Aetate of the Second Vatican Council explains this in detail.

We must rediscover our missionary zeal and take up new mission regions in India and overseas for missionary activity.



In previous synods, Pope Francis appears to have been laying the groundwork for this concept of participatory church. In Amoris Laetitia, he referred to the "accompaniment" of the families. The document speaks about the pastoral care of families. Accompanying families requires a radical change in the pastoral approach. Similarly, in "Christus Vivit," an exhortation issued after the synod on youth, Pope Francis speaks about accompanying young adults on their journey of faith, which is a new form of pastoral care. Catechism and youth ministries should spiritually enable children and youth to deal with the changes happening in their everyday lives.

The diocese of Kalyan, a pioneer in the pastoral care of migrants, began with this type of pastoral care, i.e., accompaniment. Bishop Paul Chittilappilly used to say that the people and priests were the assets of the new diocese. The laity and clergy had to depend on one another for everything. This mutual partnership enabled the new diocese to flourish in all areas of pastoral care over a relatively short period of time. As the diocese has become self-sufficient in terms of people and material resources, we need a well-planned redeployment of resources, a current necessity to maintain morale and speed of growth.

"The pilgrim church is missionary by her very nature" (Ad Gentes No. 2). It was a missionary thrust for the new diocese of Kalyan. The far-flung areas of the diocese were made mission regions and were taken up by religious congregations. These mission regions were considered integral parts of the diocese. We must rediscover our missionary zeal and take up new mission regions in India and overseas for missionary activity. Pope Francis emphasises the importance of people leaving their comfort zones to travel to the margins and become active in the existential crises that people face at this critical juncture in history. It is in the hands of those in leadership to imbibe this new vision and accompany all brothers and sisters (Fratelli Tutti) on this journey. Only a missionary revival can keep the church lively at all times.

# PASTORAL TEAM & PASTORAL COUNCIL



**Msgr. Dr. Francis Eluvathingal**
Vicar General, Diocese of Kalyan

ആടിന്റെ മണമുള്ള ഇടയൻമാർ ആകാൻ "അജപാലന കരുതലി"ന് (Pastoral Care) അപ്പുറം "അജപാലന ശുശ്രൂഷയി"ൽ (Pastoral Ministry)ൽ മുഴുകണം എന്ന് കോവിഡാനന്തരകാലം നമ്മെ ഓർമ്മിപ്പിക്കുന്നു. കല്യാൺ രൂപതയുടെ ആദ്യകാലഘട്ടം വിശ്വാസികളെ ഒന്നിച്ചുകൂട്ടാനും, അവർക്കായി സംവിധാനങ്ങൾ ഒരുക്കാനും, കൂദാശകൾ പരികർമ്മം ചെയ്യാനും നടത്തിയ തേരോട്ടം വിജയകരമായി എന്നത് നിസ്തർക്കമാണ്. 'കരുതലി'നപ്പുറമുള്ള 'ശുശ്രൂഷ'യിലേക്ക് നാം കടക്കുമ്പോൾ, ഈ കാലഘട്ടം ആവശ്യപ്പെടുന്നതെല്ലാം വിശ്വാസികൾക്ക് ചെയ്തു കൊടുക്കാൻ നേതൃസ്ഥാനീയനായ അജപാലകനോടൊപ്പം (Pastor) നിന്ന് പ്രവർത്തിക്കാൻ അജപാലന സംഘം (Pastoral team) വേണമെന്ന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

ഇടവക, ഫൊറോന, രൂപത തലത്തിൽ ഉപദേശക സമിതികൾ (Councils) വളരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. അജപാലനത്തിന്റെ എല്ലാ മേഖലകളെയും സ്പർശിച്ച് വേണം ഈ സമിതികൾ പ്രവർത്തിക്കാൻ എന്നതാണ് സങ്കൽപം. എന്നാൽ ഭരണപരമായ കാര്യങ്ങളും, സ്ഥാവരജംഗമവസ്തുക്കളുടെ മേൽനോട്ടവുമാണ് ഇന്ന് പൊതുവിൽ ഈ സമിതികളുടെ പ്രവർത്തനമേഖലയാകുന്നത്. ഈ ഒരു സാഹചര്യത്തിൽ ആണ് അജപാലനസംഘം (Pastoral Team) ഇടവകപ്രവർത്തനങ്ങളിൽ പ്രത്യേകിച്ചും ഉണ്ടാകണം എന്ന നിർദ്ദേശം ഉണ്ടാകുന്നത്. ഇടയനോട് ചേർന്ന് അജഗണത്തിന്റെ സർവ്വാത്മകമായ ആവശ്യങ്ങളിൽ സർവ്വാത്മനാ സഹായിക്കുന്ന കൂട്ടായ്മയുടെ പ്രവർത്തനം ആണ് അജപാലന സംഘങ്ങൾ ചെയ്യുക. ഉപദേശകസമിതിയുടെ ദൗത്യങ്ങളിലേക്ക് കടന്നു കയറുകയല്ല മറിച്ച് എല്ലാവർക്കും ഉതകുന്ന ശുശ്രൂഷ ഉറപ്പു വരുത്തുക എന്നതാണ് ഈ സംഘത്തിന്റെ ലക്ഷ്യം. ഇതു വരെ നാം പരിശീലിച്ചിട്ടുള്ളതിൽ നിന്ന് ഒരു ശൈലി മാറ്റം (Shift in Pastoral Style) വിഭാവനം ചെയ്യുമ്പോൾ അതിനെ ഹൃദയപൂർവ്വം സ്വീകരിക്കാനും നമുക്ക് ആകും എന്ന് പ്രത്യാശിക്കുന്നു.

സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളിൽ അത്മായ പങ്കാളിത്തത്തോടു കൂടിയ അജപാലനശുശ്രൂഷക്ക് ഉണ്ടാകുന്ന ഫലപ്രാപ്തിയെക്കുറിച്ചുള്ള സൂചനകൾ AA, CL എന്നീരേഖകൾ നിർദ്ദേശിക്കുന്നുണ്ട്. സഭയുടെ പ്രത്യേക നിയമത്തിലും, കല്യാൺ രൂപത നിയമാവലിയിലും ഇതിന്റെ സൂചനകൾ കൊടുത്തിട്ടുണ്ട്.

## Pastoral Teamന്റെ ദൗത്യങ്ങൾ :

1) എല്ലാ ഇടവകകൾക്കും ഒരു Pastoral Plan ഉണ്ടാകണം. Yearly Planner ഉണ്ടാകുന്നതും നല്ലതാണ്. അതിൽ ഇടവകയുടെ ശക്തമായ കൂട്ടായ്മയും, നവീകരണവും, വളർച്ചയും ലക്ഷ്യമാക്കി, Evangelization Programmeന് പുറമേ Spiritual, Pastoral, Catechetical, Social, Charitable, Culture എന്നിവ സമ്യക്കായി ഉൾചേർത്ത് പദ്ധതിയുണ്ടാക്കണം.

2) ഒരു Liturgical Committee എല്ലാ ഇടവകകളിലും ഉണ്ടാകണം. എല്ലാ പ്രധാന തിരുനാളുകളും, എല്ലാ ഞായറാഴ്ചകളും സാധിക്കുന്ന എല്ലാ ദിവസവും ആ ദിവസത്തിന്റെ പ്രത്യേകതകൾക്കനുസരിച്ച് ആരാധനാക്രമ പ്രാർത്ഥനകൾ, ഗാനങ്ങൾ, അലങ്കാരങ്ങൾ, ധൂപം, വായനകൾ, ദൈവാലയസംഗീതം എന്നിവ ഒരുക്കണം. ഇടവകയിൽ നടത്തപ്പെടുന്ന മാമ്മോദീസാ, വിവാഹം,

ആഘോഷമായ കുർബ്ബാന സ്വീകരണം, ശവസംസ്കാരം എന്നിവ ഏറ്റം നല്ല രീതിയിൽ ഈ കമ്മിറ്റി സംഘടിപ്പിക്കണം. വിശുദ്ധ വാരം, ക്രിസ്തുമസ്സ്, അനുതാപ ശുശ്രൂഷ, ദിവ്യകാരുണ്യ ആരാധന തുടങ്ങി മറ്റ് ശുശ്രൂഷകളും വാർഷികധ്യാനവും, മറ്റു ധ്യാനങ്ങളും അനുഭവവേദ്യമാക്കി മാറ്റാൻ ഈ കമ്മിറ്റി തന്നെ ശ്രദ്ധിക്കണം (AA 10, CL 33).

3) ഇടവകയിലെ Catechetical Team അജപാലനദൗത്യത്തിന്റെ ഭാഗമാണ്. അദ്ധ്യാപകരുടെ തെരഞ്ഞെടുപ്പ്, പരിശീലനം ക്ലാസിനായുള്ള ഒരുക്കം മാത്രമല്ല 12-ാം ക്ലാസ്സുവരെയും അതിനുശേഷവും ഉള്ള വിശ്വാസപരിശീലനം എന്നീ കാര്യങ്ങൾ വേണ്ടത്ര ശ്രദ്ധയോടെ ചെയ്യുക എന്നത് ഉറപ്പുവരുത്തേണ്ടതാണ്. ഇടവകയിൽ നടത്തുന്ന സെമിനാറുകൾ, മറ്റ് ക്ലാസ്സുകൾ, Bible Study Programme എന്നിവയ്ക്ക് പുറമേ വ്യക്തികൾക്കും, ചെറിയ ഗ്രൂപ്പുകൾക്കും Faith Formation കൊടുക്കുന്നതും ഈ Team തന്നെ. Catechetical Team ലേക്ക് വേണ്ടി ദൈവശാസ്ത്രം പഠിച്ച അൽമായരെ ഒരുക്കാൻ ഇടവക മുൻകൈ എടുക്കണം.

4) Evangelization team ഇടവകകൾ തോറും വേണം. ഇടവക ദത്ത് എടുക്കുന്ന മിഷൻ പ്രദേശങ്ങളുമായുള്ള ബന്ധം, അവർക്കാവശ്യമായ കാര്യങ്ങളുടെ ക്രമീകരണം, ഇടവകാതിർത്തിക്ക് ഉള്ളിൽ ഉണ്ടാക്കേണ്ട സുവിശേഷമിഷൻ, അതിന്റെ കാര്യക്ഷമമായ പ്രവർത്തനം എന്നിവ ഈ Team ന്റെ ശ്രദ്ധയിൽ ഉണ്ടാകണം (AA - 13, CL 33). ഇടവകയ്ക്ക് പുറത്തുള്ളവരെ സുവിശേഷവൽക്കരിക്കാൻ ഇവർ തയ്യാറാകണം.

5) Re-evangelization Team ഇടവകയിൽ ഉണ്ടാകണം. പല കാരണങ്ങളിൽ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്ന് അകന്നിരിക്കുന്നവരെ തിരികെ കൊണ്ടുവരാൻ ഈ Team പ്രവർത്തിക്കണം (AA 10, CL 30). ഇടവകയ്ക്ക് അകത്തുള്ളവരെ പുനഃസുവിശേഷവൽക്കരിക്കാൻ ഇവർ പദ്ധതികൾ തയ്യാറാക്കണം.

6) ഇടവകകൾ തോറും ഒരു Vocation Committee ഉണ്ടാകണം. ദൈവവിളി പ്രോത്സാഹനം, വിളിക്കപ്പെട്ടവരുടെ കാര്യത്തിൽ ഉള്ള ശ്രദ്ധ, പ്രോത്സാഹനം എന്നിവ ഇവരുടെ ഉത്തരവാദിത്തമാണ്. Vocation Promotion ന് വേണ്ടി, മിഷൻലീഗ്, Altar Angels എന്നിവർ ഒന്നിച്ച് ഈ കമ്മിറ്റി പ്രവർത്തിക്കണം.

7) Prayer Groupകൾ ഇടവകകളുടെ Power House ആണ്. ഒന്നിച്ചിരുന്ന് പൊതുനന്മക്കായി പ്രാർത്ഥിക്കാനും, വചനം പഠിക്കാനും, പ്രാർത്ഥനയിൽ വളരാനും, വളർത്താനും ഈ ഗ്രൂപ്പിന് സാധിക്കണം.

8) കുടുംബകൂട്ടായ്മകൾ (KKK) അതിശക്തമായി പ്രവർത്തിക്കണമെങ്കിൽ അതിന് നേതൃത്വഗുണമുള്ള ഒരു ഏകോപനസമിതി ഉണ്ടായേ തീരൂ. ആവർത്തന വിരസതയില്ലാതെയും, ഊർജ്ജസ്വലമായും കുടുംബസമ്മേളനങ്ങൾ പ്രവർത്തിക്കാൻ വ്യക്തമായ പദ്ധതികൾ ഈ സമിതി ഒരുക്കണം. ഓരോ വർഷത്തിലും ആറു മുതൽ എട്ടു വരെ നടത്തുന്ന സമ്മേളനങ്ങളിൽ ചർച്ച ചെയ്യേണ്ട വിഷയങ്ങൾ Lantern ലൂടെ publish ചെയ്യണം.

9) സംഘടനകളുടെ സാന്നിധ്യം ഇടവകകളിൽ അതിശക്തമാണ്. വ്യത്യസ്തങ്ങളായ പ്രവർത്തന



ങ്ങൾ കൂട്ടായ്മയോടെ, ധാരണയോടെ ഏകോപിക്കപ്പെടണം.

10) ഇടവകയുമായി ബന്ധപ്പെട്ട് ഒരു Committee for Religions Harmony ആവശ്യമാണ്. Ecumenical ബന്ധങ്ങളും, Inter religions dialogue ഉം Social - Political - Civil അധികാരികളുമായുള്ള ബന്ധവും വളർത്തി, സമൂഹത്തിന്റെ ഐക്യത്തിനും, അഖണ്ഡതയ്ക്കും വേണ്ടി പ്രവർത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇടവക ദേവാലയം ഇടവകയുടെ മാത്രമല്ല, സമൂഹത്തിന്റെ മുഴുവൻ കേന്ദ്രബിന്ദുവായി മാറുന്ന രീതിയിൽ സർവ്വമനുഷ്യർക്കും കടന്നുവരാനും, വ്യത്യസ്തങ്ങളായ സേവനങ്ങൾ ലഭ്യമാകാനും ഇടയാകണം.

11) ഇടവകകളിൽ Senior Citizens Club സംവിധാനം ചെയ്യണം. ആഴ്ചയിലോ, മാസത്തിലോ അവർക്ക് കൂദാശകൾക്കും, സൗഹൃദത്തിനും, ഉല്ലാസത്തിനും ആയി ഒരുമിച്ച് കൂടാൻ ആകണം. ഈ കൂട്ടായ്മകൾക്കായി യാത്രാസൗകര്യങ്ങൾ ഒരുക്കുന്നതും ഇതിന്റെ ഭാഗമാണ്.

12) ഇടവകകളിൽ ആരെങ്കിലും ഒക്കെ ആശുപത്രികളിൽ പോകേണ്ടിവരികയോ, Admit ആവുകയോ ചെയ്താൽ അവർക്ക് ആവശ്യമായ സഹായം കൊടുക്കുന്ന Good Samaritans ഇടവകതോറും ഉണ്ടാകണം. ക്ഷീണിതരും, രോഗികളും ആയവർക്ക് പരിചരണവും, ആശുപത്രിയിലേക്കോ, മറ്റിടങ്ങളിലേക്കോ വേണ്ടവരെ കൊണ്ടുപോകാൻ സൗകര്യമൊരുക്കുന്നതും പ്രധാന്യമർഹിക്കുന്നു.

13) വൈകാരികവും മാനസികവുമായ ആരോഗ്യത്തിൽ വെല്ലുവിളി നേരിടുന്നവർക്കും, സാമ്പത്തികബുദ്ധിമുട്ടുകളിൽ ഞെരുങ്ങുന്നവർക്കും, തൊഴിൽരഹിതർക്കും, കൗൺസിലിങ്ങ് ആവശ്യമുള്ളവർക്കും, വ്യക്തിപരമായ ശ്രദ്ധ ആവശ്യമുള്ളവർക്കും, കുടുംബബന്ധങ്ങളിൽ വിള്ളൽ വീണവർക്കും ഒക്കെ കൈതാങ്ങാകുന്ന Wellness Team ഇടവകയിൽ ഉണ്ടാകണം.

14) രോഗീസന്ദർശനം, കിടപ്പുരോഗികൾക്ക് കുമ്പസാരത്തിനും, വി. കുർബ്ബാനസ്വീകരണത്തിനുള്ള സൗകര്യം ഒരുക്കൽ, മരണവീടുകളിൽ ചെയ്യേണ്ട സഹായം, സന്ദർശനം, പ്രാർത്ഥന എന്നിവയിൽ നേതൃത്വം കൊടുക്കാൻ Lazar Team ഉണ്ടാക്കണം.

15) ഉന്നത പരീക്ഷകൾ പാസ്സാകുന്നവർക്കും, സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്കും, ജൂബിലി ആഘോഷിക്കുന്നവർക്കും, 60, 70, 80, 90, 100 എന്നീ Round Birthday ആഘോഷിക്കുന്നവർക്കും വീട് സന്ദർശിച്ച്, പ്രാർത്ഥിച്ച് ഇടവകയുടെ സമ്മാനങ്ങൾ നൽകി പ്രോൽസാഹിപ്പിക്കുന്നത് വളരെ ഉത്തമമാണ്. ഇതിന് ഒരു Martha Team ഉണ്ടാകുന്നത് നല്ലതാണ്.

16) ഡോക്ടർ, എഞ്ചിനിയർ, advocate, nurse തുടങ്ങി ഓരോ field ലും കഴിവുള്ളവർ പരസ്പരം ആവശ്യത്തിലുള്ളവരെ സഹായിച്ചാൽ ഇടവക സ്വർഗ്ഗമാകും. അതിന് ആവശ്യമായ Mutual Support Team ഇടവകയിൽ ഉണ്ടാകണം. അതിന് പദ്ധതികൾ ഒരുക്കാൻ അജപാലന സംഘത്തിന് കഴിയും.

17) ഇടവക പ്രവർത്തനങ്ങളിൽ വികാരിയുമായോ, മറ്റ് ഏതെങ്കിലും പ്രസ്ഥാനത്തിന്റെ നേതാക്കളുമായോ ആർക്കെങ്കിലും പ്രശനങ്ങൾ ഉണ്ടായാൽ അത് പറഞ്ഞ് തീർക്കുന്ന Grievance Redressal Team നമുക്ക് ഉണ്ടാകണം.

18) കുട്ടികൾ, യുവാക്കൾ എന്നിവർ ദുരുപയോഗിക്കപ്പെട്ടാൽ അതിനെതിരെ പ്രവർത്തിക്കുന്ന Safe Environment Cell ഇടവകയിൽ ഉണ്ടാകണം.

19) ഓരോ ആഴ്ചയും വ്യത്യസ്ത ഗ്രൂപ്പുകൾ നയിക്കുന്ന ദൈവാലയ സംഗീത ടീം വ്യത്യസ്തങ്ങളായ ട്യൂണുകളിൽ, വിവിധഭാഷകളിൽ പാടിപ്പിക്കാനും, ആരാധന നയിക്കാനും കഴിയുന്ന Liturgical Church Choir ഉണ്ടാകണം.

20) ഇടവകയുടെ Website ഉം, Social Media യും കൈകാര്യം ചെയ്യുന്ന Media Committee, PRO യുടെ നേതൃത്വത്തിൽ ഉണ്ടാകണം.

ഇടവക ഒരു കുടുംബമായി വളരണം, വളർത്തണം. പരസ്പരം കരുതലുള്ള, കൂട്ടായ്മയുള്ള, സ്നേഹം ആഘോഷിക്കുന്ന ഒരിടം. എല്ലാവരും, എല്ലാവർക്കും പരസ്പരം ആകുന്ന സമൂഹ വളർച്ച Pastoral Team ന്റെ ലക്ഷ്യവും, ഉദ്ദേശവും ആയിമാറണം.

മിക്കവാറും എല്ലാ പള്ളികളിലും നടന്നുകൊണ്ടിരിക്കുന്ന ഈ കാര്യങ്ങൾ കുറച്ചുകൂടി ചിട്ടപ്പെടുത്തുക എന്ന ലക്ഷ്യമാണ് Pastoral team കൊണ്ട് ഉദ്ദേശിക്കുന്നത്. അജപാലന ഉപദേശകസമിതി (Pastoral Council),യോടുചേർന്ന് നിന്ന് ഒട്ടും അപ്രധാനമല്ലാതെ പ്രവർത്തിക്കാൻ നാം വിഭാവനം ചെയ്യുന്ന Pastoral Team ന് കഴിയുമ്പോൾ, ഈ രണ്ട് സംവിധാനങ്ങളും പരസ്പരപൂരകമായി പ്രവർത്തിച്ച് അഭിവൃദ്ധി കൈവരിക്കാൻ ഇടവകയ്ക്ക് തീർച്ചയായും കഴിയും. ഇവ എങ്ങിനെ പ്രവർത്തിക്കാം, ആരൊക്കെ അംഗങ്ങൾ ആകും എന്നീ കാര്യങ്ങൾ ഇനിയും തയ്യാറാക്കേണ്ടിയിരിക്കുന്നു.

# Deepening of Faith:

## By learning and teaching the word of God



**Joseph John Chittilapilly**
Infant Jesus Church, Vikhroli

### Introduction

Faith is above all a gift from God and an act of grace which transforms the heart of the believer. Faith gives us the "assurance" of the things hoped for and the "conviction" of the things not seen. (cf. Heb 11:1). Faith is our response to God, who reveals himself and gives himself to us, at the same time bringing us a superabundant light as we search for the ultimate meaning of our lives. (cf. Catechism of the Catholic Church #26)


### Faith comes from hearing

This faith comes from hearing and hearing through the word of Christ (cf. Rom 10:17). St. Augustine reminds us that "unless we believe in the Holy Scriptures, we can neither be Christians nor be saved". (Contra Faustum, book 26, #3) Our physical body needs vitamins, proteins, carbohydrates, etc. to carry us through the day. Similarly, a diet lacking a steady intake of God's word cannot sustain us spiritually. It weakens our faith. The Holy Scriptures nourish our Faith. St Paul acknowledges that the word of God "is the power of God for salvation to everyone who has faith." (cf. Rom. 1:16)

Mature Christians must know the word of God through their own prayer and study, because "Ignorance of the Bible is ignorance of Christ" (Isaiam Prologus: PL 24, 17). And it is an "ignorance", that cannot be ignored. This is the judgment of St. Jerome, who stresses on the necessity of every Christian having a direct, personal knowledge of the inspired books of the Holy Bible.

### Holy Bible is useful for teaching.

St. Paul affirms that "All scripture is inspired by God and is useful for teaching, for reproof, for correction, and for training in righteousness, so that the person of God may be proficient,



equipped for every good work." (2Tim. 4:16,17). "Therefore, the study of the Sacred page should be the very soul of Sacred theology. The ministry of the word too – pastoral preaching and teaching, catechetics and all forms of Catholic instruction, among which the liturgical homily should hold pride of place – is healthily nourished and thrives in holiness through the word of Scriptures." (Dei Verbum #24)

The Sacred scriptures are not the treasure of the retreat preachers only. St. John Paul II says that every "priest is first of all a minister of the word of God". (Pastores Dabo Vobis #24) Both the clergy and lay leaders ought to tap into the Holy Scriptures to preach and teach. The Holy Bible will be a great teaching aid for catechism teachers, to transmit the faith to our children. "Catechesis will always draw its content from the living source of the Word of God transmitted in Tradition and the Scriptures." (Catechesi Tradendae #27) If we are rooted in the holy word, we will be better equipped to pass on the faith.

## Sacred Apostolic Tradition, Holy Bible, and Sacred Magisterium

To keep the Gospel forever whole and alive within the Church, the Apostles left bishops as their successors, "handing over" to them "the authority to teach in their own place". "This Sacred Tradition, therefore, and Sacred Scriptures are like a mirror in which the pilgrim Church on earth looks at God, from whom she has received everything, until she is brought finally to see Him as He is, face to face." (DV #7) Sacred Tradition and Sacred Scripture form one Sacred deposit of the word of God.

The Holy Father and the Bishops exercise the authentic teaching authority of the Holy Church, termed as the Sacred Magisterium. Everything that the Magisterium teaches is found within Divine Revelation, at least implicitly. It is clear, therefore, that Sacred Tradition, Sacred Scriptures, and Sacred Magisterium, in accord with God's most wise design, are so linked and joined together that one cannot stand without the others. (cf. DV #10)

## Conclusion

The Vatican II decree states that, in order that priests "may give apt answers to questions posed by men of this age, it is necessary for priests to know well the doctrines of the Magisterium and the councils and documents of the Roman pontiffs and to consult the best of prudent writers of theological science." (Presbyterorum Ordinis #19) Whenever possible, we "should provide an opportunity for continuing formation to lay persons charged with ecclesial responsibilities". (Verbum Domini #84) Both the clergy and the lay faithful need to delve deeper into the depths of the Holy Scriptures and familiarize themselves with the teachings of the Church.



**The Holy Bible will be a great teaching aid for catechism teachers, to transmit the faith to our children**

If the Sacred Scriptures are not to remain a dead letter, Jesus Christ, the Eternal Word of the Living God, must through the Holy Spirit, "open our minds to understand the Scriptures". (cf. Lk. 24:45). Pope Benedict XVI reminds "all Christians that our personal and communal relationship with God depends on our growing familiarity with the word of God." (VD # 124)

The first divinely appointed proclaimers of the word are priests. The future of our Church is in their hands or can we say: on their lips. May Blessed Virgin Mary, the "Mother of Priests" intercede to safeguard the future of our church and deepen our faith.

# ഒരു വൈദികനിൽ നിന്ന് എനിയ്ക്കുള്ള പ്രതീക്ഷകൾ

## Introduction:

Expectations set the groundwork for high achievement. Any institution or group must periodically review its achievements and expectations to correct course where needed and to aim high.

In the church, the lay faithful have high expectations from their priests. They look to the parish priest for guidance and help in their daily lives. This month, the editorial team at Lantern decided to dedicate some space to understand what the faithful of Kalyan diocese thinks of and expects from their priests. Given below are the candid opinions of some of the laity.



P.V. Jose
Amala Matha Church, Mulund

1. **സംബോധന ചെയ്യപ്പെടേണ്ട സമൂഹം:** വൈദികൻ സാധാരണക്കാരിൽ സാധാരണക്കാരന് താങ്ങും തണലുമാവണം. അവരെ ഉദ്ധരിച്ച് ഒരു level playing field-ൽ കൊണ്ടുവരാൻ ശ്രമിക്കണം. രോഗിക്കാണല്ലൊ വൈദ്യനെ കൊണ്ടാവശ്യം.

2. **പുതിയ തലമുറ** / Millennials: Mobile usageനെപറ്റിയും വിദേശത്തേയ്ക്ക് പഠനം / ജോലിയ്ക്കായി പോകുന്നതിനെപറ്റിയും, Westernisation നെപ്പറ്റിയും comments കേൾക്കാറുണ്ട്. കുട്ടികൾ പിടിവിട്ടു പോകുമോ എന്നു ഭയക്കുന്നവരുണ്ട്. എന്നാൽ ഇതൊക്കെ ഒഴിച്ചുകൂടാൻ പറ്റാത്ത മാറ്റത്തിന്റെ ഭാഗമാണ്. ഇവർക്ക് വേണ്ടത് മൂല്യങ്ങളിൽ അധിഷ്ഠിതമായ ഒരു foundation ആണ്.

ഓരോ actionന്റേയും consequence പേറേണ്ടത് അതാത് വ്യക്തികളാണെന്നുള്ള ബോധം ഉളവാക്കണം. അതു ലഭിച്ചിട്ടുള്ളവർ ഏതു സാഹചര്യത്തിലും, അവസ്ഥയിലും ഒരു പാറപോലെ നില്ക്കും. അവർക്ക് എപ്പോഴും എല്ലാത്തിന്റേയും നല്ല വശങ്ങൾ leverage ചെയ്യുവാൻ പ്രത്യേക കഴിവുണ്ട്. നമ്മൾ ഒരു ക്രിസ്ത്യാനിയാണെന്ന് പേരിൽ നിന്നല്ല മറിച്ച് പ്രവർത്തിയിൽ നിന്നാണ് മറ്റുള്ളവർ മനസ്സിലാക്കേണ്ടത്. എന്നും മത്സ്യം പിടിച്ചുകൊടുക്കാതെ മത്സ്യം പിടിയ്ക്കുന്നവരാക്കി മാറ്റണം.

